**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 202** **15-10-2024 - ൽ മറുപടിയ്ക്ക്**

**പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ മാനേജ്മെന്റിലെ വീഴ്ചകൾമൂലം പതിനാലാം പഞ്ചവത്സര പദ്ധതിയും മൂന്നു വാർഷികപദ്ധതികളും അനിശ്ചിതത്വത്തിലായതായി പറയുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേന്ദ്രസർക്കാർ ആസൂത്രണ കമ്മീഷൻ പിരിച്ച് വിടുകയും പഞ്ചവത്സരപദ്ധതികൾ അവസാനിപ്പി ക്കുകയും ചെയ്തുവെങ്കിലും, കേരള സർക്കാർ ആസൂത്രണ പ്രക്രിയയുമായി മുന്നോട്ട് പോവുകയാണ് ചെയ്യുന്നത്. ഇതിന്റെ ഭാഗമായി പതിനാലാം പഞ്ചവത്സര പദ്ധതിക്ക് തുടക്കം കുറിക്കുകയും (2022-27) വാർഷിക പദ്ധതികൾ കൃത്യമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.<br><br>പൊതുനിക്ഷേപം (ആരോഗ്യം, സ്കൂൾ, വിദ്യാഭ്യാസം, പാർപ്പിടം) സാമൂഹ്യ ക്ഷേമം, സാമൂഹിക നീതി, ലിംഗ നീതി എന്നീ മേഖലകളിൽ കേരളം ആർജ്ജിച്ച  കരുത്ത് പടുത്തുയർത്തുക,  മാനവശേഷി ഉപയോഗപ്പെടുത്തി പൊതു വിജ്ഞാന സമൂഹം കെട്ടിപ്പടുക്കുകയും സമ്പദ് വ്യവസ്ഥയിലെ ഉല്പാദന ശക്തികളുടെ വളർച്ച വേഗത്തിലാക്കുകയും ചെയ്യുക, ശാസ്ത്രം, സാങ്കേതികവിദ്യ, അത്യാധുനിക നിപുണതകൾ, കൃഷി, വ്യവസായം, പശ്ചാത്തല സൗകര്യ വികസനം, വിവരസാങ്കേതിക വിദ്യ, വിനോദസഞ്ചാരം, ചെറുകിട വ്യാപാരം എന്നിവ ഉൾപ്പെടുന്ന വരുമാനദായക സേവനങ്ങളുടെ വളർച്ച മെച്ചപ്പെടുത്തുക,  ആധുനികവും തൊഴിൽദായകവുമായ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുക, ഉന്നത വിദ്യാഭ്യാസം ആധുനികവൽക്കരിക്കുക, അതിദാരിദ്ര്യം ഇല്ലാതാക്കുക, മാലിന്യ നിർമ്മാർജ്ജനത്തിന് സമഗ്രവും നൂതനവും ആയ സമ്പ്രദായങ്ങൾ സ്ഥാപിക്കുക, വളർച്ചയുടെ ചാലക ശക്തിയാകാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന നയം പ്രോൽസാഹിപ്പിക്കുക എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളായി കരട് സമീപന രേഖയിൽ വ്യക്തമാക്കിയിരിക്കുന്നത്. |
| (ബി) | പതിനാലാം പഞ്ചവത്സര പദ്ധതി ആരംഭിച്ച് മൂന്നു വർഷമായിട്ടും അടങ്കൽ തുക തീരുമാനിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഈ കാലയളവിൽ ഓരോ വാർഷിക പദ്ധതിയിലും താൽക്കാലിക അടങ്കൽ തുകയെത്ര, ചെലവഴിച്ച തുകയെത്ര എന്ന് | (ബി) | പഞ്ചവത്സര പദ്ധതി ഒരു വിഷൻ ഡോകുമെന്റായിട്ടാണ് തയ്യാറാക്കുന്നത്. ഓരോ മേഖലയിലും അടുത്ത അഞ്ചു വർഷം ഊന്നൽ നൽകേണ്ട കാര്യങ്ങളാണ് ഇതിൽ പ്രതിപാദിക്കുന്നത്.  വാർഷിക പദ്ധതിയിൽ അടങ്കൽ തുക വകയിരുത്തുന്നുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ മൂന്ന് വാർഷിക പദ്ധതിയിൽ വകയിരുത്തിയ വിഹിതവും ചെലവും ചുവടെ പട്ടികയായി ചേർക്കുന്നു. |

<table>
<tr><td></td><td>വ്യക്തമാക്കുമോ; ഏതൊക്കെ സാമ്പത്തിക വർഷങ്ങളിലെ അടങ്കൽ തുകയിലാണ് കുറവ് വരുത്തിയതെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ;</td><td></td><td>
<table>
<tr><th>വർഷം</th><th>ബജറ്റ് വിഹിതം</th><th>ചെലവ് (തുക കോടിയിൽ)</th></tr>
<tr><td>2022-23</td><td>30,370.00</td><td>37241.48</td></tr>
<tr><td>2023-24</td><td>30,370.00</td><td>*24799.63</td></tr>
<tr><td>2024-25</td><td>30,370.00</td><td>*10536.10 (10.10.2024 വരെ)</td></tr>
</table>
*പ്ലാൻസ്പേസിലെ താത്കാലിക കണക്കുകൾ പ്രകാരം</td></tr>
<tr><td>(സി)</td><td>പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?</td><td>(സി)</td><td>പഞ്ചവത്സര പദ്ധതിയും വാർഷിക പദ്ധതികളും കാര്യക്ഷമമായി നടപ്പാക്കുന്നത് വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ നടത്തുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടപ്പിലാക്കുമ്പോഴുള്ള പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അത് പരിഹരിക്കുന്നതിനായി വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ പ്ലാൻസ്പേസ് മുഖേന ഓൺലൈനായി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ